# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 324** **28.05.2019-ൽ മറുപടിക്ക്**

<u>കാത്ത് ലാബ്</u>

**<u>ചോദ്യം</u>** **<u>മറുപടി</u>**

**ശ്രീ.സി.ദിവാകരൻ** **കെ.കെ. ശൈലജ ടീച്ചർ**

(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ആശുപത്രികളിലാണ് കാത് ലാബ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട, മഞ്ചേരി, തൃശ്ശൂർ, ആലപ്പുഴ, കാഞ്ഞിരപ്പള്ളി എന്നീ ജനറൽ ആശുപത്രികളിലും, കൊല്ലം, കണ്ണൂർ, കാഞ്ഞങ്ങാട് എന്നീ ജില്ലാ ആശുപത്രികളിലും, എറണാകുളം, മഞ്ചേരി, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിലും കാത്ത് ലാബ് അനുവദിച്ചിരുന്നു. ഇതിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി പത്തനംതിട്ട, മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ പ്രവർത്തനമാരംഭിച്ചു മറ്റു സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം ജനറൽ ആശുപത്രി കോഴിക്കോടിന് 1100 ലക്ഷം രൂപയും, 2017-18 സാമ്പത്തിക വർഷം ജില്ലാ ആശുപത്രി മാനന്തവാടിക്ക് 1200 ലക്ഷം രൂപയും കാത്ത് ലാബുകൾക്കായി അനുവദിച്ചിരുന്നു. താലൂക്ക് ആശുപത്രി അടിമാലിയിൽ ഐ.സി.യു സ്ഥാപിക്കുന്നതിനായി തുക അനുവദിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487/- രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ ജനറൽ ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകി. |

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ ചുവടെ പറയുന്ന ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br>1. ജനറൽ ആശുപത്രി, തിരുവനന്തപുരം<br>2. താലൂക്ക് ആശുപത്രി, ഫോർട്ട്<br>3. താലൂക്ക് ആശുപത്രി, പാറശ്ശാല<br>4. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര<br>5. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്<br>6. താലൂക്ക് ആശുപത്രി, നെടുമങ്ങാട് |

**സെക്ഷൻ ഓഫീസർ**